**പതിനാലാം കേരളനിയമസഭ**

**പത്തൊൻപതാം സമ്മേളനം**

| **നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *172** | **10.03.2020-ൽ മറുപടിക്ക്** |
|---|---|

**പൗരത്വ ഭേദഗതി ബില്ലിനെതിരെ നടക്കുന്ന സമരങ്ങൾ**

| **ചോദ്യം**<br>**ശ്രീ. ടി. വി. ഇബ്രാഹിം**<br>**ശ്രീ. എൻ. ഷംസുദ്ദീൻ**<br>**ശ്രീ. സി.മമ്മൂട്ടി**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** | |
|---|---|---|---|
| (എ) | രാജ്യവ്യാപകമായി പൗരത്വ ഭേദഗതി ബില്ലിനെതിരെ നടക്കുന്ന സമരങ്ങളിൽ കേന്ദ്ര ഭരണാനുകൂലികൾ നുഴഞ്ഞുകയറി വൻതോതിൽ അക്രമവും കൊലപാതകങ്ങളും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ അക്രമവും ജീവഹാനികളും നടന്നതായുള്ള മാധ്യമ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന സമരങ്ങളിൽ അക്രമകാരികൾ സമരക്കാരിൽ നിന്നുള്ളവർ ആണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഈ നിലപാട്, ഇതരസംസ്ഥാനങ്ങളിൽ അധികാരത്തിന്റെ മറവിൽ തങ്ങളുടെ നീതി നടപ്പാക്കുന്ന സംഘപരിവാർ ശക്തികൾക്ക് സംസ്ഥാനത്ത് അനുകൂല സാഹചര്യം സൃഷ്ടിക്കുമെന്ന ആക്ഷേപം അതീവ ഗൗരവമായി കാണുമോ; | (ബി) | പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്ന പ്രകടനങ്ങളിൽ അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സമരത്തിന്റെ പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി എടുത്തിട്ടുള്ള കേസുകളിൽ ഭൂരിഭാഗവും ഏത് വകുപ്പ് ചുമത്തിയാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | ഈ സമരത്തിന്റെ പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ നിയമലംഘനങ്ങളിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143, 147, 148, 149, 153, 283 എന്നീ വകുപ്പുകൾ പ്രകാരവും PDPP Act(Prevention of Damage to Private Property Act) , Kerala Prevention of Damage to Private Property and Payment of Compensation Act, കേരള പോലീസ് ആക്ട്, Kerala Public Ways Act (Restriction) of Assemblies and Procession എന്നിവയിലെ വിവിധ വകുപ്പുകൾ ചുമത്തിയാണ് ഭൂരിഭാഗം കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ